(സി) 1961—ൽ കേരള സംസ്ഥാനത്തെ ജനസംഖ്യ എത്രയാണു് ;

(ഡി) 1961—ൽ സംസ്ഥാനത്തെ ഒരാളുടെ ശരാശരി വരുമാനം എത്രയാണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 139·49 ലക്ഷം.

(ബി) കണക്കാക്കപ്പെട്ടിട്ടില്ല.

(സി) 169·04 ലക്ഷം.

(ഡി) 1960-61-ൽ കേരളത്തിലെ പ്രതിശീർഷ വരുമാനം, താരാണു് വിലനിരക്കിൽ 306·89 രൂപയും, 1955-56-ലെ വില നിരക്കിൽ 253·93 രൂപയും ആയിരുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ദേശീയവരുമാനം കണക്കാക്കാൻ അംഗീകരിച്ചിട്ടുള്ള നടപടിക്രമം എന്താണു് ?

ശ്രീ. ആർ. ശങ്കർ: പ്ലാനിംഗ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ള ഒരു ഫാർമുലാ ഉണ്ടു്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറു് അതു ഉപയോഗിച്ചാണു് കണ്ടുപിടിക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : അങ്ങനെ ഫാർമുലാ അനുസരിച്ചു് ദേശീയവരുമാനം കണക്കാക്കുമ്പോൾ ഓരോ ജില്ലയിലേയും പ്രത്യേക ദേശീയ വരുമാനം കണ്ടുപിടിക്കാൻ എന്താണു് പ്രയാസം ; അതു സാദ്ധ്യമല്ലേ ?

ശ്രീ. ആർ. ശങ്കർ : അസാദ്ധ്യമല്ല. കൂടുതൽ ജോലി വരുമെന്നേയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പു് : വികസനപദ്ധതികളുടെ ഒരു പ്രധാന ലക്ഷ്യം, വികസനം എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക; പിന്നാക്ക പ്രദേശങ്ങളെക്കൂടി മറ്റു പ്രദേശങ്ങൾക്കൊപ്പം കൊണ്ടുവരിക എന്നതായിരിക്കേ ഇങ്ങനെ പ്രത്യേകം ദേശീയവരുമാനം കണക്കാക്കാതിരുന്നാൽ അതു സാദ്ധ്യമല്ലാ എന്നുള്ളതിനെ മുൻനിറുത്തി ഭാവിയിൽ ഇങ്ങനെ കണക്കു തയ്യാറാക്കുമ്പോൾ ആ കാര്യംകൂടി പരിഗണിച്ചു സ്ഥതിവിവരക്കണക്കുകൾ ശേഖരിക്കാൻ ഏർപ്പാടുചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : അതിനൊരു ബുദ്ധിമുട്ടുള്ളതു് ഓർക്കേണ്ടതാണു്. ഇൻഡ്യയുടെ മൊത്തം വിസ്തീർണ്ണത്തിന്റെ 1·2 ശതമാനം മാത്രമേ കേരളത്തിനു വ്യാപ്തിയുള്ളൂ. അങ്ങനെയുള്ള കേരളത്തെ ഒൻപതു ഡിസ്ട്രിക്റ്റുകളായി തിരിച്ചിട്ടുണ്ടു്. ഓരോ ഡിസ്ട്രിക്റ്റും തിരിച്ചു് ദേശീയവരുമാനം തിട്ടപ്പെടുത്തിയാൽ ഇൻഡ്യയുടെ മൊത്തം വ്യാപ്തിയുമായി താരതമ്യപ്പെടുത്തിയാൽ അതീവ നിസ്സാരമായ ഒന്നായിരിക്കും. അതുകൊണ്ടു് പ്രാദേശികമായി ഈ കണക്കെടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Employment Office for the Physically Handicapped

* 820. [12] **Shri K. C. Abraham** : Will the Minister for Labour be pleased to state :

whether there is a special Employment Office for the physically handicapped ; if there is none, will steps be taken to open one before the end of the Third Five Year Plan ?

Minister for Transport and Labour (**Shri K. T. Achuthan**) :

No. The question of opening a Special Employment Exchange for the Physically handicapped is under consideration of Government.

† Put by Shri M. Narayana Kurup.

LIBRARY ARCHIVES Kerala Legislative Assembly